**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 174** **12-02-2024 - ൽ മറുപടിയ്ക്ക്**

**തൊഴിലുറപ്പ് പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എ. പ്രഭാകരൻ,<br>ശ്രീ. പി.പി. ചിത്തരഞ്ജൻ,<br>ശ്രീ സി കെ ഹരീന്ദ്രൻ,<br>ശ്രീ. എൻ. കെ. അക്ബർ | | ശ്രീ. എം.ബി. രാജേഷ്<br>(തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പ് മന്ത്രി) | |
| (എ) | രാജ്യത്ത് ഏറ്റവും മാതൃകാപരമായി തൊഴിലുറപ്പ് പദ്ധതി നടപ്പാക്കുന്ന സംസ്ഥാനമായി കേരളത്തെ മാറ്റിത്തീർക്കുന്നതിന് നടത്തിയ പ്രവർത്തനങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ; | (എ) | മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി രാജ്യത്ത് ഏറ്റവും മാതൃകാപരമായി നടപ്പിലാക്കുന്ന സംസ്ഥാനങ്ങളിൽ ഒന്നാണ് കേരളം. തൊഴിൽ ദിനങ്ങൾ നൽകുന്നതിലും ആധാർ അധിഷ്ഠിത അവിദഗ്ധ വേതന വിതരണത്തിലും ദേശീയ ശരാശരിയെക്കാൾ ഉയർന്ന സ്ഥാനമാണ് സംസ്ഥാനത്തിന്റേത്. കൂടാതെ വനിതകൾക്ക് തൊഴിൽ നൽകുന്നതിലും, പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് നൽകുന്ന ശരാശരി തൊഴിൽ ദിനങ്ങളിലും, പട്ടികജാതി കുടുംബങ്ങൾക്ക് തൊഴിൽ നൽകുന്നതിലും ദേശീയ തലത്തിൽ തന്നെ ഒന്നാം സ്ഥാനത്താണ് സംസ്ഥാനം. 2022-23 സാമ്പത്തിക വർഷം കേന്ദ്രം അനുവദിച്ച 9.50 കോടി തൊഴിൽ ദിനങ്ങളുടെ സ്ഥാനത്ത് 9.65 കോടി തൊഴിൽ ദിനങ്ങൾ സൃഷ്ടിക്കുവാൻ സംസ്ഥാനത്തിന് സാധിച്ചു. ഈ സാമ്പത്തിക വർഷത്തിന്റെ (2023-24) അവസാനമാകുമ്പോഴേക്ക് 10.50 കോടി തൊഴിൽ ദിനങ്ങൾ സൃഷ്ടിക്കാനാകുമെന്നാണ് പ്രതീക്ഷിക്കുന്നത്. പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് സംസ്ഥാന വിഹിതം ഉപയോഗിച്ച് 100 അധിക തൊഴിൽ ദിനങ്ങൾ നല്കുന്ന കേരളാ ട്രൈബൽ പ്ലസ് പദ്ധതിയും വളരെ മികച്ച രീതിയിൽ നടപ്പിലാക്കി വരുന്നു. നീർത്തടാധിഷ്ഠിത പ്ലാനുകൾ തയ്യാറാക്കുന്നതിലും പ്രവൃത്തികളുടെ ജിയോടാഗിംഗ് പൂർത്തീകരിക്കുന്നതിലും കേരളം ഏറ്റവും മികച്ച പ്രവർത്തനം നടത്തിവരുന്നു. അവിദഗ്ധ കായിക തൊഴിൽ ചെയ്തു വരുന്ന തൊഴിലുറപ്പ് തൊഴിലാളികൾക്ക് പരിശീലനം നല്കി വിദഗ്ധ തൊഴിലാളികളാക്കി മാറ്റുന്നതിനുള്ള "മികവ്" പരിപാടിയും സംസ്ഥാനം ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടുണ്ട്. തൊഴിലുറപ്പ് പദ്ധതിയിൽ മണ്ണിനെയും ജലത്തെയും ജൈവസമ്പത്തിനെയും |

| | | | |
|---|---|---|---|
| | | | സംരക്ഷിക്കുന്ന പ്രവൃത്തികൾ നടപ്പാക്കുന്നതിന് വേണ്ടി 'നീരുറവ്' എന്ന പദ്ധതി ആവിഷ്കരിച്ച് നടപ്പാക്കുന്നു. രാജ്യത്ത് ആദ്യമായി 100% ഗ്രാമപഞ്ചായത്തുകളിലും സോഷ്യൽ ഓഡിറ്റ് പൂർത്തിയാക്കിയ സംസ്ഥാനവും കേരളമാണ്. |
| (ബി) | തൊഴിലുറപ്പ് പദ്ധതി വൈവിദ്ധ്യത്തോടെയും പ്രായോഗികമായും നടപ്പാക്കുന്നതിനായി ആവിഷ്കരിച്ച ട്രൈബൽ പ്ലസ്, നീരുറവ തുടങ്ങിയ മാതൃകാ പദ്ധതികളുടെ വിശദാംശം നൽകുമോ; | (ബി) | തൊഴിലുറപ്പ് പദ്ധതി പ്രകാരം കേന്ദ്രസർക്കാർ അനുവദിച്ചിട്ടുള്ള 100 തൊഴിൽ ദിനങ്ങൾക്ക് ഉപരിയായി സംസ്ഥാനത്തെ പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് 100 തൊഴിൽ ദിനങ്ങൾ അധികമായി അനുവദിക്കുന്ന പദ്ധതിയാണ് കേരള ട്രൈബൽ പ്ലസ്. പൂർണ്ണമായും സംസ്ഥാന സർക്കാരിന്റെ ഫണ്ടിൽ നടപ്പിലാക്കുന്ന ഈ പദ്ധതി 2018-19 സാമ്പത്തിക വർഷമാണ് ആരംഭിച്ചത്. സംസ്ഥാനത്തെ ആദിവാസി കുടുംബങ്ങളുടെ ഉപജീവനം മെച്ചപ്പെടുത്തുന്നതിന് ഈ പദ്ധതി വളരെ വലിയ സഹായമായിത്തീർന്നിട്ടുണ്ട്. നടപ്പ് സാമ്പത്തിക വർഷം ഇതുവരെ 25,707 പട്ടികവർഗ്ഗ കുടുംബങ്ങൾ ഈ പദ്ധതിയുടെ ഗുണഭോക്താക്കളാവുകയും 1317 കുടുംബങ്ങൾ ഇതിനകം തന്നെ 200 ദിവസത്തെ തൊഴിൽ പൂർത്തിയാക്കുകയും, ചെയ്തിട്ടുണ്ട്.<br><br>മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ ഏറ്റവും കൂടുതൽ പ്രാധാന്യത്തോടെ ഏറ്റെടുക്കുവാൻ നിർദ്ദേശിക്കപ്പെട്ടിട്ടുള്ളത് പ്രകൃതി വിഭവ പരിപാലന പ്രവൃത്തികളാണ്. തൊഴിലുറപ്പ് പദ്ധതിയിൽ മണ്ണിനെയും ജലത്തെയും ജൈവസമ്പത്തിനെയും സംരക്ഷിക്കുന്ന പ്രവൃത്തികൾ നീർത്തടാധിഷ്ഠിതമായി സമഗ്രപദ്ധതി രേഖ തയ്യാറാക്കി നടപ്പാക്കുന്നതിന് വേണ്ടിയാണ് 'നീരുറവ്' പദ്ധതി ആവിഷ്കരിച്ചിട്ടുള്ളത്. സംസ്ഥാന തൊഴിലുറപ്പ് മിഷനും ഹരിത കേരള മിഷനും ത്രിതല പഞ്ചായത്തുകളും ചേർന്ന് നടപ്പാക്കുന്ന "നീരുറവ്" പദ്ധതിയുടെ ഭാഗമായി എല്ലാ ഗ്രാമപഞ്ചായത്തുകളിലും വിശദമായ പദ്ധതി രേഖ തയ്യാറാക്കിയിട്ടുണ്ട്. അതിൽ ഉൾപ്പെട്ട പ്രവൃത്തികൾ വാർഷിക കർമ്മ പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കുന്ന പ്രവർത്തനവും ഇതിനകം ആരംഭിച്ചു കഴിഞ്ഞിട്ടുണ്ട്. 'നീരുറവ്' പദ്ധതി നടപ്പിലാക്കുന്നതിലൂടെ ഓരോ പ്രദേശത്തെയും ജലലഭ്യത വർദ്ധിക്കുന്നതിനോടൊപ്പം പരിസ്ഥിതിയുടെ പുനസ്ഥാപനം സാധ്യമാകുമെന്നും പ്രതീക്ഷിക്കുന്നു. കൂടാതെ പദ്ധതിയിലെ തൊഴിലാളികൾക്ക് കൂടുതൽ തൊഴിലവസരങ്ങൾ ലഭ്യമാകുന്നതിനും ഈ പ്രവർത്തനം സഹായകരമാകും. |

| | | | |
|---|---|---|---|
| (സി) | കേന്ദ്രസർക്കാർ ഓരോ സാമ്പത്തിക വർഷവും തൊഴിൽ ദിനങ്ങൾ വെട്ടിക്കുറയ്ക്കുന്നതിനെതിരെ സംസ്ഥാന സർക്കാർ നടത്തിയ ഇടപെടലുകളും അതിന്റെ ഫലമായുണ്ടായ നേട്ടങ്ങളും എന്തെല്ലാമാണെന്ന് വിശദമാക്കാമോ? | (സി) | 2022-23 സാമ്പത്തിക വർഷം 10 കോടി തൊഴിൽ ദിനത്തിനുള്ള പ്രൊപ്പോസൽ കേന്ദ്രസർക്കാരിൽ സമർപ്പിച്ചിരുന്നുവെങ്കിലും 6 കോടി തൊഴിൽ ദിനങ്ങളാണ് അനുവദിച്ചത്. എന്നാൽ സംസ്ഥാനം ഇത് മറികടന്നതിനെതുടർന്ന് തൊഴിൽദിനങ്ങൾ 9.50 കോടിയായി കേന്ദ്രം വർദ്ധിപ്പിക്കുകയും സാമ്പത്തിക വർഷം അവസാനമായപ്പോൾ സംസ്ഥാനം 9.65 കോടി തൊഴിൽ ദിനങ്ങൾ സൃഷ്ടിക്കുകയും ചെയ്തു. അതിലൂടെ 4,49,638 കുടുംബങ്ങൾക്ക് 100 തൊഴിൽദിനങ്ങൾ നൽകുവാനും സംസ്ഥാനത്തിന് കഴിഞ്ഞു. 2023-24 വർഷത്തേയ്ക്ക് 10.31 കോടി തൊഴിൽ ദിനങ്ങൾക്കുള്ള പ്രൊപ്പോസൽ സമർപ്പിച്ചിരുന്നുവെങ്കിലും 6 കോടി തൊഴിൽദിനങ്ങളാണ് ആദ്യഘട്ടത്തിൽ അനുവദിച്ചത്. എന്നാൽ ഒക്ടോബർ മാസത്തിൽ തന്നെ സംസ്ഥാനം ഈ നേട്ടം കൈവരിക്കുകയും വെട്ടിക്കുറച്ച തൊഴിൽ ദിനങ്ങൾ പുനസ്ഥാപിക്കണമെന്ന് കേന്ദ്രസർക്കാരിനോട് ആവശ്യപ്പെടുകയും ചെയ്യുകയുണ്ടായി. ഇതിനെത്തുടർന്ന് തൊഴിൽദിനങ്ങളുടെ എണ്ണം 8 കോടിയായി വർദ്ധിപ്പിക്കുവാൻ കേന്ദ്രം തയ്യാറായി. എന്നാൽ 2023 ഡിസംബറിൽ കേരളം ഈ ലക്ഷ്യവും കൈവരിച്ചതിനെത്തുടർന്ന് സംസ്ഥാനത്തിന്റെ ലേബർ ബഡ്ജറ്റ് 10.70 കോടിയായി ഉയർത്തണമെന്ന് വീണ്ടും ആവശ്യപ്പെടുകയും 2024 ജനുവരി 10-ന് ചേർന്ന കേന്ദ്ര ഗവൺമെന്റിന്റെ എംപവേർഡ് കമ്മിറ്റി സംസ്ഥാനത്തിന്റെ ലേബർ ബഡ്ജറ്റ് 9.50 കോടിയായി ഉയർത്തുകയും ചെയ്തു. |

സെക്ഷൻ ഓഫീസർ